## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 94 28.01.2019- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

| | **ചോദ്യം**<br>ശ്രീ.പി. ഉണ്ണി | | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | വിവിധ കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പ്രവാസികൾ ഇപ്രകാരം തിരിച്ചുവന്നുവെന്ന കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) | ഉണ്ട്. കണക്ക് ശേഖരിച്ചിട്ടില്ല. |
| ബി) | ജോലി നഷ്ടപ്പെട്ട് ഗൾഫിൽ നിന്നും തിരികെയെത്തിയ പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ? | ബി) | ഗൾഫ് രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസി മലയാളികൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും,സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി 30 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്. നിലവിൽ ബാങ്ക് വായ്പ നൽകുന്ന ബാങ്കുകൾ |

| | | | |
|---|---|---|---|
| | | | എസ്.ബി.ഐ., സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയാണ്. ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന അഗ്രിക്കൾച്ചറൽ റൂറൽ ഡവലപ്മെന്റ് ബാങ്ക്, കേരള സംസ്ഥാന പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുമായി പദ്ധതി നടത്തിപ്പിന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.<br>പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി താൽപര്യമുള്ള മേഖലകളിൽ മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് (സി.എം.ഡി) എന്ന സ്ഥാപനം മുഖാന്തരം നടത്തി വരുന്നുണ്ട്. ഇതിന് പുറമേ പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്നവർക്ക് സംരംഭങ്ങൾ നടത്തുന്നതു സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക, പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകുക, പ്രോജക്റ്റ് റിപ്പോർട്ട് ബാങ്കുകൾക്ക് സ്വീകാര്യമാകത്തക്ക രീതിയിൽ വിശകലനം നടത്തുക, സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ച് മാർഗ്ഗനിർദ്ദേശം നൽകുക എന്നിവ സി.എം.ഡി. മുഖാന്തിരം ചെയ്യുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആദ്യ ആറ് മാസം സി.എം.ഡി. ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതരത്തിൽ ധാരണാപത്രത്തിലേർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ